**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3517** **08-10-2025 - ൽ മറുപടിയ്ക്ക്**

**കാൻസർ ചികിത്സാലയം സ്ഥാപിക്കുന്നതിന് കിട്ടിയ ഭൂമിയുടെ കൈവശാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാൻസർ ചികിത്സാലയം സ്ഥാപിക്കുന്നതിനായി മാവൂർ ഗ്രാമപഞ്ചായത്തിൽ തെങ്ങിലക്കടവിൽ സർക്കാരിന് സൗജന്യമായി കിട്ടിയ ഭൂമി നിലവിൽ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ല കോഴിക്കോട് താലൂക്ക് മാവൂർ വില്ലേജിൽ കണ്ണിപറമ്പ് ദേശത്ത് വിവിധ സർവ്വെ നമ്പറുകളിലായുള്ള 6.3412 ഏക്കർ ഭൂമി സർക്കാരിലേക്ക് വിട്ടൊഴിഞ്ഞിട്ടുള്ളതും ആയതു പ്രകാരം നിലവിൽ സർക്കാർ 'പുറമ്പോക്ക്'ആയ ഭൂമിയുമാണ്. ടി ഭൂമിയും കെട്ടിടങ്ങളും റവന്യൂ വകുപ്പിന്റെ 27.09.2012 തീയതിയിലെ ജി.ഒ (എം.എസ്) നമ്പർ 362/2012/റവ നമ്പർ ഉത്തരവിലൂടെ മലബാർ കാൻസർ സെന്റർ, തലശ്ശേരി എന്ന സ്ഥാപനത്തിന്റെ സബ് സെന്റർ ആരംഭിക്കുന്നതിന് 30 വർഷത്തേക്ക് പാട്ടത്തിന് നൽകിയിരുന്നുവെങ്കിലും ടി ഭൂമി പിന്നീട് റവന്യൂ വകുപ്പിന്റെ അനുമതി ഇല്ലാതെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 05.08.2016 തീയതിയിലെ ജി.ഒ (ആർ.റ്റി) 2174/2016/H&FWD നമ്പർ ഉത്തരവ് പ്രകാരം മലബാർ കാൻസർ സെന്റർ തലശ്ശേരിയിൽ നിന്ന് കാലിക്കറ്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കൈമാറുകയും ചെയ്തതായി അറിഞ്ഞതിനെ തുടർന്ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 2.09.2024 തീയതി യോഗ തീരുമാന പ്രകാരം ടി ഉത്തരവുകൾ റദ്ദ് ചെയ്യുന്നതിനായുള്ള ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ പിന്നീട് ലാൻഡ് റവന്യൂ കമ്മീഷണറുടെ 21.03.2024 തീയതിയിലെ LR/287/2025-LR (J12) നമ്പർ കത്ത് പ്രകാരം കോഴിക്കോട് മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ നിരാക്ഷേപ പത്രം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽ നിന്ന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 7/2025 ൽ നടന്ന റീജിനൽ റിവ്യൂ മീറ്റിംങിൽ ഈ വിഷയം ചർച്ച ചെയ്യപ്പെട്ടുകയും ആരോഗ്യ വകുപ്പിന് ഇതിനായി ഒരു പദ്ധതിയുണ്ടെന്നും അത് നടപ്പിലാക്കാൻ തയ്യാറാണെന്നും, ആരോഗ്യ വകുപ്പ് ഭൂമിയുടെ |

| | | | |
|---|---|---|---|
| | | | പരിപാലനം ഏറ്റെടുക്കുകയും ചെയ്യുമെന്ന് മീറ്റിംങ്ങിൽ തീരുമാനിച്ചതിനാൽ നിരാക്ഷേപ പത്രം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽ നിന്ന് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മലബാർ കാൻസർ സെന്ററിന് നൽകിയ ലീസ് ഉത്തരവ് പ്രകാരമോ മെഡിക്കൽ കോളേജിന് കൈമാറിയ സർക്കാർ ഉത്തരവ് പ്രകാരമോ ഭൂമി കൈമാറ്റ നടപടികൾ നടന്നിട്ടില്ലാത്തതിനാൽ നിലവിൽ ഈ ഭൂമി റവന്യൂ വകുപ്പ് തന്നെയാണ് കൈവശം വച്ച് വരുന്നത്. |
| (ബി) | ഈ ഭൂമി ജില്ലാപഞ്ചായത്തിന് കൈമാറുന്നതിന് നൽകിയ നിർദ്ദേശത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ നിരാക്ഷേപ പത്രം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽ നിന്ന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 7/2025 ൽ നടന്ന റീജിനൽ റിവ്യൂ മീറ്റിംങ്ങിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടുകയും ആരോഗ്യ വകുപ്പിന് ഇതിനായി ഒരു പദ്ധതിയുണ്ടെന്നും അത് നടപ്പിലാക്കാൻ തയ്യാറാണെന്നും, ആരോഗ്യ വകുപ്പ് ഭൂമിയുടെ പരിപാലനം ഏറ്റെടുക്കുകയും ചെയ്യുമെന്ന് മീറ്റിംങ്ങിൽ തീരുമാനിച്ചതിനാൽ നിരാക്ഷേപ പത്രം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽ നിന്ന് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. തുടർ റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് ജില്ലാ കളക്ടറോട് റിപ്പോർട്ട് ചോദിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; ആയതിന്മേൽ എന്ത് മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | 09.04.2025 -ന് ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. കോഴിക്കോട് മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ നിരാക്ഷേപ പത്രം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽ നിന്ന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 7/2025 ൽ നടന്ന റീജിനൽ റിവ്യൂ മീറ്റിംങ്ങിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടുകയും ആരോഗ്യ വകുപ്പിന് ഇതിനായി ഒരു പദ്ധതിയുണ്ടെന്നും അത് നടപ്പിലാക്കാൻ തയ്യാറാണെന്നും, ആരോഗ്യ വകുപ്പ് ഭൂമിയുടെ പരിപാലനം ഏറ്റെടുക്കുകയും ചെയ്യുമെന്ന് മീറ്റിംങ്ങിൽ തീരുമാനിച്ചതിനാൽ നിരാക്ഷേപ പത്രം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽ നിന്ന് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. തുടർ റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് അനന്തരനടപടികൾ കൈക്കൊള്ളാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ